"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് - ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ കേരള കാർഷിക സർവകലാശാലയിലെ സെക്ഷൻ ഓഫീസറായ ശ്രീമതി.റിനിമോൾ എ.ജെ-യെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.257/2026/LBR തീയതി,തിരുവനന്തപുരം, 23-02-2026**

---

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന നമ്പർ പരിപത്രം.
2. 28.11.2013 ലെ സ.ഉ. (അച്ചടി) നം. 580/2013/ധന.
3. ശ്രീമതി.റിനിമോൾ എ.ജെ സമർപ്പിച്ച 09.01.2026-ലെ അപേക്ഷ.
4. കേരള കാർഷിക സർവകലാശാല ഡെപ്യൂട്ടി രജിസ്ട്രാറുടെ 14.01.2026-ലെ KAUGA/276/2026-GA-A3 നമ്പർ കത്ത്.
5. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.02.2026-ലെ ഇ1/11/2026/KSUWSSB നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ഒഴിവുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിനായി കേരള കാർഷിക സർവകലാശാല, വെള്ളാനിക്കരയിലെ സെക്ഷൻ ഓഫീസർ ശ്രീമതി.റിനിമോൾ എ.ജെ സമർപ്പിച്ച അപേക്ഷയും മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ഒഴിവുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ കേരള കാർഷിക സർവകലാശാല, വെള്ളാനിക്കരയിലെ സെക്ഷൻ ഓഫീസറായ ശ്രീമതി.റിനിമോൾ എ.ജെ-യെ നിലവിലുള്ള അന്യത്ര സേവനവ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശ്ശൂർ.
ശ്രീമതി.റിനിമോൾ എ.ജെ. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Abhilash S S
Date: 25-02-2026 10:44:14
സെക്ഷൻ ഓഫീസർ

പകർപ്പ് - 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്